ഉത്തരം-

(എ) സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡിന്റെ സഹായത്തോടെ ഇപ്രകാരമൊരു പദ്ധതി സംസ്ഥാന ഭൂജലവകുപ്പ് നടപ്പിലാക്കിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് കുഴൽ കിണറുകളുടെ നിർമ്മാണം നടത്തുവാൻ ഭൂജലവകുപ്പ് സന്നദ്ധമാണ്.

പുതിയ ടൂറിസം വികസന പദ്ധതികൾ

49 (1737) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസംവകുപ്പ് ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ വികസന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ ;

(ബി) വികസന പദ്ധതികളിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(സി) ഇതിനായി ഏതെങ്കിലും സ്വകാര്യ ഏജൻസികളുമായി സർക്കാർ കരാറിലേർപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി-ഡി) ഒന്നും തന്നെയില്ല.

സംയോജിത ടൂറിസം വികസന പദ്ധതി

50 (1738) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക മുന്നേറ്റത്തിനും ചെറുപ്പക്കാർക്ക് തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും വിനോദസഞ്ചാര മേഖലയെ ഉപയോഗപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ പദ്ധതികളാണ് ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly